## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.7129

11/07/2014 ൽ
മറുപടിയ്ക്ക്

### പത്തനംതിട്ട ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ള കർഷകർ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) എത്ര കർഷകരാണ് പത്തനംതിട്ട ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാൻ അപേക്ഷ നൽകിയിരിക്കുന്നത്; ഇവർക്കെല്ലാവർക്കും കൂടി എത്ര ഏക്കർ ഭൂമിയുടെ പട്ടയമാണ് നൽകാനുള്ളത്; | എ) കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി 1445 അപേക്ഷകളും വനഭൂമി പട്ടയത്തിനായി 2435 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇതിലേക്ക് ആവശ്യമായ ഭൂമിയുടെ വിവരം തിട്ടപ്പെടുത്തിയിട്ടില്ല. |
| ബി) ഇവർക്ക് പട്ടയം നൽകാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇവർക്ക് പട്ടയം നൽകുന്നതിന് കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ;ഇവർക്ക് പട്ടയം നൽകാൻ എത്ര നാൾ കാത്തിരിപ്പുവേണ്ടിവരുമെന്ന് പ്രദേശം തിരിച്ച് വ്യക്തമാക്കാമോ; | ബി) റാന്നി-മല്ലപ്പള്ളി താലൂക്കുകളിൽ 01.01.1977 ന് മുമ്പുള്ള വനഭൂമി കൈയേറ്റമാണ്. കോന്നി താലൂക്കിൽ ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ അപേക്ഷകളുടെ സ്കെച്ച് തയ്യാറാക്കി തുടർ നടപടികൾ നടന്നു വരുന്നു. |
| സി) ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞിട്ടുള്ള ഏതൊക്കെ വില്ലേജുകൾ പത്തനംതിട്ട ജില്ലയിൽ ഉണ്ട്; ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ വില്ലേജുകളിലെ പട്ടയം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | സി) പത്തനംതിട്ട ജില്ലയിൽ ചിറ്റാർ, സീതത്തോട്. തണ്ണിത്തോട്, കോന്നിത്താഴം, കലഞ്ഞൂർ, പെരുമ്പട്ടി, അത്തിക്കയം, വടശേരിക്കര, കൊല്ലമുള, പെരുനാട് എന്നീ വില്ലേജുകളിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായിട്ടുള്ളതാണ്. |
| ഡി) ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത വില്ലേജുകൾ ഏതൊക്കെ; ഇവിടെ ജോയിന്റ് വെരിഫിക്കേഷൻ നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ജോയിന്റ് | ഡി) അരുവാപ്പുലം, അങ്ങാടി, റാന്നി, ചേത്തയ്ക്കൽ, അയിരൂർ, ചെറുകോൽ, പഴവങ്ങാടി എന്നീ വില്ലേജുകളിൽ ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞിട്ടില്ല. |

വെരിഫിക്കേഷൻ എന്നത്തേക്ക് പൂർത്തിയാകും;

| | | | |
|---|---|---|---|
| ഇ) | റാന്നി താലൂക്കിലെ ചൂരക്കുഴി, അത്തിക്കയം, തെക്കേത്തൊടി പ്രദേശങ്ങളിലെ കൈവശ കർഷർക്ക് പട്ടയം ലഭിക്കുന്ന നടപടി ഏതു ഘട്ടംവരെയായി; രണ്ടിടത്തും എത്ര അപേക്ഷകർ വീതമുണ്ടെന്ന് കണക്ക് നൽകാമോ; ഈ പ്രദേശങ്ങളിലെ പട്ടയം വൈകിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; തടസ്സങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു? | ഇ) | ചൂരക്കുഴി പ്രദേശത്തുള്ള 224 കൈവശങ്ങൾ ചട്ടങ്ങൾക്ക് വിധേയമായി തറ വില, തടി വില എന്നിവ ഒഴിവാക്കി പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അത്തിക്കയം, മാടന്തമൺ, തെക്കേതൊടി എന്നീ പ്രദേശങ്ങളിൽ 32 ഹെക്ടർ സ്ഥലത്ത് 117 കുടുംബങ്ങൾ കൈവശക്കാരായി ഉണ്ട്. 01.01.1977 ന് മുമ്പുള്ള കൈവശക്കാരുടെ ലിസ്റ്റിൽ പ്രസ്തുത ഭൂമി ഉൾപ്പെട്ടിട്ടുണ്ട്. വന ഭൂമിയായതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ